**<u>മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം.</u>**

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - ഉളിക്കൽ ഗ്രാമപഞ്ചായത്ത് - വയത്തൂർ വില്ലേജ് - പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/08/19-ലെ എ 2/4301/19 നമ്പർ കത്ത്.

2) കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 05/09/19-ലെ TCPKNR/1915/2019-C നമ്പർ കത്ത്.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം.

**TCPCTP/2246/19-D3** തീയതി : **31/10/2019**

---

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വയത്തൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 2/1A1, 19 എന്നിവയിൽപ്പെട്ട 47.99 സെന്റ് സ്ഥലത്ത് Group-I Hazardous occupancy-യിൽ പ്പെട്ട പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് (Sales building 39 ച.മീ, Canopy 234 ച.മീ) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ദിലീപ് തൈപ്പാടത്ത്-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1) താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2) കെ.പി.ബി.ആർ. 2011-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3) നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5) കട്ടിംഗ് / ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.
7) കെ.പി.ബി.ആർ. ചട്ടം 101 അനുശാസിക്കുന്ന ഭൂഗർഭ ജല പോഷണ സംവിധാനം

തയ്യാറാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 124/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസെറ്റ് പ്ലാൻ

ജയശ്രീ. പി.ആർ,
ടൗൺ പ്ലാനർ

സെക്രട്ടറി, ഉളിക്കൽ ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) ദിലീപ്, തൈപ്പാടത്ത് ഹൗസ്, UGP, ഉളിക്കൽ.പി.ഒ., കണ്ണൂർ
2) ടൗൺ പ്ലാനർ, കണ്ണൂർ.
3)വെബ് സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.